# കൂത്താട്ടുകുളംനഗരസഭ

## അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി



2005 ആഗസ്റ്റിൽ ഇൻഡ്യൻ പാർലമെൻറ് പാസാക്കിയ ദേശീയ തൊഴിലുറപ്പ് നിയമം പ്രാബല്യത്തിൽ വന്നതോടെ ഗ്രാമീണ മേഖലയിൽ ദാരിദ്രവും തൊഴിലില്ലായ്മയും ഒരു

പരിധിവരെ പരിഹരിക്കപ്പെടാനും അതോടൊപ്പം കാർഷീക മേഖലയിലെ വിപ്ലവകരമായ തൊഴിൽദാന പദ്ധതികൾ വ്യത്യസ്ഥ പേരുകളിലായി നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇവയൊക്കെ വിലയിരുത്തുമ്പോൾ അവയുടെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെടുകയോ ഇടത്തട്ടുക്കാരുടെ ഇടപെടൽ മൂലം അട്ടിമറിക്കപ്പെടുകയോ ചെയ്തതായി കണ്ടെത്താൻ കഴിയും. എന്നാൽ തികച്ചും വ്യത്യസ്ഥമായി ജോലിചെയ്യാൻ തയ്യാറുള്ളവരടങ്ങിയ ഏതൊരു കുടുംബത്തിനും പ്രതിവർഷം 100 ദിവസത്തെ ജോലി ലഭ്യത ഉറപ്പുവരുത്തുകയും സ്ത്രീ പുരുഷവ്യത്യാസമില്ലാതെ തുല്യ ജോലിക്ക് തുല്യവേതനം എന്ന സാമൂഹ്യനീതി നടപ്പിലാക്കുകയാണ് ഈ പദ്ധതിയിലൂടെ പ്രാവർത്തികമാക്കുന്നത്. കുടുംബത്തിന്റെ ദാരിദ്ര നിർമ്മാർജ്ജനം എന്നതിലുപരി നാടിന്റെ വികസനത്തിനും പുരോഗമനത്തിലും സാധാരണക്കാരെ പങ്കാളികളാക്കി സാമൂഹ്യബോധവും സൗഹാർദ്ദവും ഊട്ടിഉറപ്പിച്ചുകൊണ്ടുള്ള വിപ്ലവകരമായ മാറ്റത്തിന് നാന്ദികുറിക്കുവാൻ നഗര തൊഴിലുറപ്പ് പദ്ധതിക്ക് സാദ്ധ്യമായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സ.ഉ(കൈ) നമ്പർ.210/2010/തസ്വഭവ, തീയതി 13/09/2010 പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ നഗരപ്രദേശങ്ങളിലെ നഗരതൊഴിലുറപ്പ് പദ്ധതി "അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി എന്ന പേരിൽ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ഇത് നടപ്പിലാക്കുകവഴി പ്രകൃതി വിഭവങ്ങൾ പൂർണ്ണമായി സംരക്ഷിക്കുവാനും കർഷക തൊഴിലാളികൾക്ക് തൊഴിൽ നൽകുവാനും സ്വകാര്യ ഭൂമിയിലെ പ്രവർത്തികൾ നടപ്പിലാക്കുവാൻ തൊഴിലാളികളെ കിട്ടുന്നില്ല എന്ന വൈരുദ്ധ്യവും പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുന്നു.

# അവതാരിക

പ്രകൃതി രമണീയമായ കുന്നുകളും താഴ്വരകളും തോടുകളും കനാലുകളും വയലുകളും നിറഞ്ഞ ഫലഭൂയിഷ്ടമായ കൃഷിയിടങ്ങൾ ഉള്ള തികച്ചും കാർഷിക പ്രധാനമായ ഒരു മനോഹര ഗ്രാമമാണ് കൂത്താട്ടുകുളം നഗരസഭ. ജനസംഖ്യയിൽ 90 ശതമാനവും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ കാർഷിക

ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ നഗരസഭയിലെ ജനജീവിത നിലവാരത്തെയും വികസന പ്രക്രിയയെയും സാരമായി സ്വാധീനിക്കുന്ന സ്ഥിതി വിശേഷമാണ് നിലവിലുളളത്.

നഗരസഭയുടെ ആകെ വിസ്തൃതി 23.18ച.കി.മീ ആണ്. 2001–ലെ കനേഷുമാരി കണക്കനുസരിച്ച് 17253 പേർ ഈ നഗരസഭയിൽ അധിവസിക്കുന്നു. ഇവിടുത്തെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി നീർത്തടാധിഷ്ഠിതമായി ശാസ്ത്രീയമായ ഭൂവിനിയോഗം നടപ്പാക്കേണ്ട ആവശ്യമുണ്ട്.

നെൽകൃഷിയിൽ നേരിടുന്ന വിവിധ പ്രശ്നങ്ങൾ മൂലം നെൽപ്പാടങ്ങൾ മറ്റുവിളകൾക്കായി പരിവർത്തനപ്പെടുത്തുന്നതിനുള്ള പ്രവണതയും തണ്ണീർത്തടങ്ങൾ സംരക്ഷിക്കാതെ പോകുന്നതും മറ്റും ഭാവിയിൽ രൂക്ഷമായ ജലക്ഷാമത്തിനും, ഭക്ഷ്യക്ഷാമത്തിനും ഇടയാക്കും എന്നകാര്യത്തിൽ സംശയമില്ല .

# നേട്ടങ്ങളും കോട്ടങ്ങളും

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിലെ ഒരു ജില്ലയായ എറണാകുളം സാമ്പത്തികമായും വ്യവസായികമായും സാക്ഷതരയുടെ കാര്യത്തിലും മുൻപന്തിയിൽ നിൽക്കുന്നു.. എന്നാൽ കാർഷീക രംഗത്ത് മാത്രം നമ്മുടെ ജില്ല പരാജയപ്പെട്ടു. തൊഴിലുറപ്പ് പദ്ധതി വന്നതോടെ കാർഷീകരംഗത്ത് ആളുകൾ പരീശീലനം നേടി പ്രവർത്തിക്കുന്നു. തൊഴിലുറപ്പ് പദ്ധതി ഏറെ പ്രതീക്ഷ നൽകിയ കൂട്ടായ്മയിലൂടെ സാമൂഹ്യനേട്ടം കൈവരിക്കാമെന്ന തിരിച്ചറിവ് ഗ്രാമീണ ജനതയ്ക്ക് സമ്മാനിച്ചു. അഴിമതിയും ഇടനിലക്കാരുടെ അനാവശ്യ ഇടപ്പെടലും മൂലം പല പദ്ധിതികളും ഫണ്ടുകളും യഥാർത്ഥ ഗുണഭോക്തക്കൾക്ക് എത്താതെ പോകുന്നതിനു ഒരു അപവാദമായി മാറുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ നേട്ടം. പ്രദേശിക വികസന പ്രവർത്തങ്ങൾ ഈ പദ്ധതിലൂടെ നടപ്പാവുമ്പോൾ തദ്ദേശീയരായ പൊതുജനങ്ങൾക്ക് ഇടപെടാനും പരിശോധിക്കാനും അവസരമാകുന്നു എന്നതും എടുത്തു പറയേണ്ട നേട്ടമാണ്.

സ്ത്രീ പുരുഷ സമത്വം നൽകി തുല്യ ജോലിക്ക് തുല്യവേതനവും മിനിമം കൂലി ലഭ്യമാക്കുവാൻ സാധിച്ചു എന്നതും നേട്ടത്തിന്റെ പട്ടികയിൽപ്പെടുന്നു. കാർഷീക മേഖലയിലെ തകർച്ചയും വിലയിടിവും കൃഷിരീതിയിലെ മാറ്റവും മൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്കും ഇടത്തരം കർഷർക്കും ദാരിദ്ര്യത്തിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും കരകയറുവാൻ ഈ പദ്ധതി സഹായകമായിട്ടുണ്ട്. വേതനം ബാങ്കുകളിലൂടെ ലഭ്യമാക്കിയതിലൂടെ സമ്പാദ്യശീലം വളർത്താനും, ബാങ്ക് ഇടപ്പാടുമായി

ബന്ധപ്പെടാനും അറിവു പകരാനും സാധരണക്കാരെ സാദ്ധ്യമാക്കിയെന്നത് നേട്ടത്തിന്റെ അഭിമാനമാണ്.

എന്നാൽ ഏത് പദ്ധതിയും പ്രവർത്തികമാക്കുമ്പോഴുണ്ടാകുന്ന ചില കോട്ടങ്ങളും പ്രയാസങ്ങളും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലും കാണാൻ കഴിയും. നിത്യജോലി ചെയ്തു ജീവിതം കഴിക്കുന്ന വിഭാഗക്കാർക്കും വേതനം കിട്ടാൻ ദിവസങ്ങളെടുക്കുന്നതിനാൽ നിത്യോപയോഗ സാധനങ്ങൾ വാങ്ങി ജീവിതം മുന്നോട്ടു നയിക്കുവാൻ ചില പ്രയാസങ്ങൾ അനുഭവിക്കുന്നത് പോരായ്മയായി ചൂണ്ടികാണിക്കണം. ഓരോ പ്രദേശത്തേയും ഓട്ടേറെ കാർഷികതൊഴിലാളികളടക്കം പദ്ധതിയിൽ അംഗങ്ങളായി മാറിയതോടെ മറ്റു മേഖലയിലെ ആവശ്യങ്ങൾ മനസിലാക്കി ഈ പദ്ധതിയിലെ തൊഴിലാളികളെ യഥാവിധി വിന്യസിപ്പിച്ച് ഈ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പശ്ചാത്തലം

അസംഘടിത അവിദഗ്ദ്ധ തൊഴിലാളികളുടെ മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനും സാമ്പത്തികസ്ഥിതിയും സാമൂഹ്യനീതിയും സമത്വവും ഉറപ്പ് വരുത്തുന്നതിനും ഈ നിയമം അവസരം ഒരുക്കി. സ്ത്രീ തൊഴിലാളികളെ വേതനം കുറച്ച് നൽകി ചൂഷണവിധേയമാക്കിയിരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തി തുല്യ നീതി പ്രാവർത്തികമാക്കുവാൻ സാധിച്ചു. ദാരിദ്ര നിർമ്മാർജ്ജനത്തിന് 100 തൊഴിൽ ദിനം നൽകുന്നു എന്നത് ആശ്വാസകരമാണ്.